# “താടി വടിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു ഷോപ്പിൽ ജോലി ചെയ്യുന്നതിന്റെ വിധി?”

## ശൈഖ് ഇബ്ൻ ബാസ് റഹിമഹുല്ലാഹ് യോടുള്ള ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി.

**(مجموع فتاوى ومقالات متنوعة الجزء التاسع عشر)**

**حكم العمل في محل يقتضي حلق اللحية**

**إذا أردت أن أعمل بعمل يقتضي مني حلق اللحية، فماذا أعمل؟[1]**

**يقول النبي صلى الله عليه وسلم في الحديث الصحيح: ((إنما الطاعة في المعروف))[2]. ويقول عليه الصلاة والسلام: ((لا طاعة لمخلوق في معصية الخالق))[3].**

**فعليك أن تتقي الله، وأن لا توافق على هذا الشرط، وأبواب الرزق كثيرة بحمد الله وليست مغلقة، بل مفتوحة، والله سبحانه وتعالى يقول: وَمَن يَتَّقِ اللَّهَ يَجْعَل لَّهُ مَخْرَجًا[4].**

**وأي عمل يشترط فيه معصية الله فلا توافق عليه – سواء كان هذا العمل في الجندية أو في غير ذلك من الأعمال – فاترك ذلك العمل، والتمس عملاً آخر بما أباحه الله عز وجل ولا تتعاون على الإثم والعدوان؛ لأن الله يقول: وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ[5]، نتمنى لك ولنا التوفيق بإذن الله.**

**والواجب على ولاة الأمور وعلى جميع المسئولين في الدول الإسلامية، أن يتقوا الله، وأن لا يلزموا الناس بما حرم الله عليهم، وأن يحكموا شريعة الله في كل ما يأتونه ويأمرون به؛ لأن الله يقول سبحانه: فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا[6]، ويقول الله سبحانه وتعالى: أَفَحُكْمَ الْجَاهِلِيَّةِ يَبْغُونَ وَمَنْ أَحْسَنُ مِنَ اللّهِ حُكْمًا لِّقَوْمٍ يُوقِنُونَ[7].**

**ويقول جل وعلا: يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً[8].**

**فالواجب طاعة الله ورسوله، وما أشكل من أمور الناس يرد إلى الله ورسوله، فما ذكر الله في كتابه الكريم أو ما في السنة المطهرة عن الرسول صلى الله عليه وسلم وجب الأخذ به وتنفيذه.**

**هذا هو الواجب على المسئولين في مسألة اللحى، وفي مسألة الربا، وفي مسألة الحكم بين الناس، وفي جميع الأمور؛ عليهم أن يحكموا شرع الله، وذلك –والله – هو طريق عزهم، وطريق نجاتهم، وهو**

طريق سلامتهم في الدنيا والآخرة، ولن يبلغوا العز الكامل ورضاء الله التام، إلا بطاعته سبحانه وتعالى واتباع شريعته. نسأل الله لنا ولهم التوفيق لما يرضيه.

---

[1] نشر في كتاب (فتاوى إسلامية)، من جمع الشيخ / محمد المسند، ج4، ص: 320.

[2] رواه البخاري في (الأحكام)، باب (السمع والطاعة للإمام ما لم تكن معصية)، برقم: 7145، ومسلم في (الإمارة)، باب (وجوب طاعة الأمراء في غير معصية)، برقم: 1840.

[3] رواه الإمام أحمد في (مسند العشرة المبشرين بالجنة)، بلفظ: (لا طاعة لمخلوق في معصية الله عز وجل)، في (مسند علي بن أبي طالب)، برقم: 1098، وذكره ابن أبي شيبة في مصنفه في (الجهاد)، باب (في إمام السرية يأمرهم بالمعصية)، برقم: 29452، وفي (مسند الشهاب)، برقم: 872، ج2، ص: 55.

[4] سورة الطلاق، الآية 2.

[5] سورة المائدة، الآية 2.

[6] سورة النساء، الآية 65.

[7] سورة المائدة، الآية 50.

[8] سورة النساء، الآية 59.

**ചോദ്യം :**

ഞാൻ ഒരു ജോലി ചെയ്യാൻ ആഗ്രഹിക്കുന്നു, ആ ജോലി ഉടമ എന്നോട് താടി വടിക്കാൻ ആവശ്യപ്പെടുന്നു, ഞാൻ എന്ത് ചെയ്യണം? (1)

## ശൈഖ് ഇബ്ൻ ബാസ് റഹിമഹുല്ലാഹ് യുടെ മറുപടി :

സ്വഹീഹായ ഹദീസിൽ നബിﷺ പറയുന്നു :

**"നിശ്ചയമായും അനുസരണ എന്നുള്ളത് നന്മയുടെ വിഷയത്തിൽ മാത്രമാണ്."(2)**

റസൂൽﷺ തന്നെ പറയുന്നു :

**"എല്ലാവരുടെയും സ്രഷ്ടാവായ അല്ലാഹുവിനെ ധിക്കരിക്കുന്ന വിഷയത്തിൽ ഒരു സൃഷ്ടിക്കും യാതൊരു അനുസരണയും ഇല്ല."(3)**

നീ അല്ലാഹുവിനെ സൂക്ഷിക്കണം, നീ ഈ നിബന്ധനയോട് യോജിക്കാൻ പാടില്ല, രിസ്ഖിന്റെ വാതിലുകൾ ധാരാളമാണ്, അൽഹംദുലില്ലാഹ്, അത് അടക്കപ്പെട്ടതല്ല, മറിച്ച് അത് തുറക്കപ്പെട്ടതാണ്.

അല്ലാഹു പറയുന്നു :

**"ആരെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചാൽ അവന് അല്ലാഹു പോംവഴി ഉണ്ടാക്കിക്കൊടുക്കും."(4)**

ഏതൊരു ജോലിയാകട്ടെ അല്ലാഹുവിനെ ധിക്കരിക്കണമെന്ന് നിബന്ധന വെച്ചാണെങ്കിൽ അതിനോട് നീ യോജിച്ചു പോകരുത്. ഈ ജോലി സൈന്യത്തിലുള്ളതാണെങ്കിലും അത് അല്ലാത്തതാണെങ്കിലും ശരി. ആ ജോലി നീ ഉപേക്ഷിക്കണം, അല്ലാഹു അനുവദിച്ച രൂപത്തിലുള്ള ഇത്തരത്തിൽ ഹറാമില്ലാത്ത മറ്റൊരു ജോലി നീ അന്വേഷിക്കണം. തിന്മയുടെയും ശത്രുതയുടെയും വിഷയത്തിൽ നീ സഹായിക്കരുത്.

അല്ലാഹു പറയുന്നു :

**"നിങ്ങൾ പുണ്യത്തിലും തഖ്‌വയിലും പരസ്പരം സഹായിക്കണം, തിന്മയിലും ശത്രുതയിലും പരസ്പരം സഹായിക്കരുത്."(5)**

അല്ലാഹുവിന്റെ അനുവാദത്താൽ നിനക്കും നമ്മൾക്കും തൗഫീഖിനെ നാം ആഗ്രഹിക്കുന്നു.

മുസ്‌ലിം രാജ്യങ്ങളിലെ ഭരണാധികാരികളും എല്ലാ ഉത്തരവാദപ്പെട്ടവരും അല്ലാഹുവെ സൂക്ഷിക്കട്ടെ, അവർ അല്ലാഹു ഹറാമാക്കിയ കാര്യങ്ങൾ ചെയ്യാൻ ജനങ്ങളെ നിർബന്ധിക്കരുത്. അവർ ചെയ്യുകയും ജനങ്ങളോട് ചെയ്യാൻ കൽപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ അല്ലാഹുവിന്റെ ശരീഅത്ത് നടപ്പിലാക്കണം. കാരണം, അല്ലാഹു പറയുന്നു:

**''നിന്റെ റബ്ബാണേ സത്യം, അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങളിൽ അവർ നിന്നെ വിധികർത്താവാക്കുകയും പിന്നെ അവരുടെ മനസ്സിൽ ഒരു വിഷമവും തോന്നാതെ അത് പൂർണ്ണമായി അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല''(6)**

അല്ലാഹു പറയുന്നു :

**''ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?"(7)**

അല്ലാഹു പറയുന്നു:

**''വിശ്വാസികളേ നിങ്ങൾ അല്ലാഹുവെയും റസൂലിനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശവസിക്കുന്നുവെങ്കിൽ(അതാണ് വേണ്ടത്), അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും ''(8)**

അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക എന്നതാണ് നിർബന്ധം. ജനങ്ങളുടെ വിഷയങ്ങളിൽ സംശയമുള്ള കാര്യങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കണം. അല്ലാഹു എന്താണോ പറഞ്ഞത്, റസൂലിന്റെ തിരുസുന്നത്തിൽ എന്താണോ കണ്ടത് അത് അനുസരിക്കൽ നിർബന്ധമായി.

ഇതാണ് താടിയുടെ വിഷയത്തിലും പലിശയുടെ വിഷയത്തിലും ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കുന്ന വിഷയത്തിലും മറ്റെല്ലാ വിഷയങ്ങളിലും ഭരണാധികാരികളുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും ബാധ്യത. അവരെല്ലാം അല്ലാഹുവിന്റെ ശരീഅത്ത് നടപ്പിലാക്കണം. വല്ലാഹി, അതാണ് അവരുടെ പ്രതാപത്തിലേക്കുള്ള മാർഗം, അതാണ് രക്ഷയുടെ മാർഗം, അതാണ് ദുന്യാവിലും ആഖിറത്തിലും സുരക്ഷ. അവർ പൂർണ്ണമായ പ്രതാപവും അല്ലാഹുവിന്റെ തൃപ്തിയും നേടുകയില്ല, അവന്റെ ശരീഅത്ത് നടപ്പിലാക്കിയാലല്ലാതെ. അവർക്കും നമുക്കും അല്ലാഹു അവന്റെ പൊരുത്തം കിട്ടാനുള്ള തൗഫീഖ് നൽകട്ടെ.

---

[1] نشر في كتاب (فتاوى إسلامية)، من جمع الشيخ / محمد المسند، ج4، ص: 320.

[2] رواه البخاري في (الأحكام)، باب (السمع والطاعة للإمام ما لم تكن معصية)، برقم: 7145، ومسلم في (الإمارة)، باب (وجوب طاعة الأمراء في غير معصية)، برقم: 1840.

[3] رواه الإمام أحمد في (مسند العشرة المبشرين بالجنة)، بلفظ: (لا طاعة لمخلوق في معصية الله عز وجل)، في (مسند علي بن أبي طالب)، برقم: 1098، وذكره ابن أبي شيبة في مصنفه في (الجهاد)، باب (في إمام السرية يأمرهم بالمعصية)، برقم: 29452، وفي (مسند الشهاب)، برقم: 872، ج2، ص: 55.

[4] سورة الطلاق، الآية 2.

[5] سورة المائدة، الآية 2.

[6] سورة النساء، الآية 65.

[7] سورة المائدة، الآية 50.

[8] سورة النساء، الآية 59.

Aloloom മലയാളം
www.aloloommalayalam.blogspot.com